സാധിക്കും. അതുകൊണ്ട് വയനാടിനെ സംബന്ധിച്ചിടത്തോളം പ്രത്യേകമായി എന്തെങ്കിലും നടപടി സ്വീകരിക്കുക എന്നത് കാപ്പി ബോർഡ് സ്വീകരിച്ചുവരുന്ന സമീപനത്തിന് സഹായകമായിരിക്കുകയില്ല. കാപ്പിക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ പൂറം ചെയ്ത് ലേലത്തിൽ വില്ക്കുമ്പോൾ—ഒരു പ്രദേശത്തിന്റെയല്ലായെന്ന് ഞാൻ പറയുകയുണ്ടായി—അതിനെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. പ്ലാന്റേഷൻ, അറബിക്കാച്ചെറി, പിന്നെ റോബസ്റ്റാ. ഇങ്ങനെ മൂന്നായി തരംതിരിച്ച് ലേലം ചെയ്തു കഴിഞ്ഞാൽ അതിൽ കിട്ടുന്ന വില കാപ്പിക്കൃഷിക്കാർക്ക് പൊതുവായിട്ട് നിശ്ചയിക്കുന്ന വിലയാണ്. ഈ അടുത്ത കാലത്തെ കണക്കു നോക്കിയാൽ സാധാരണ നിശ്ചയിച്ചിട്ടുള്ള വില 1986 ജനുവരി മാസത്തിൽ ആണെങ്കിൽ കിട്ടിയിട്ടുള്ളത് 714 രൂപ മുതൽ 803 രൂപ വരെയാണ്. എങ്കിലും ലേലം ചെയ്തപ്പോൾ 738 മുതൽ 1823 രൂപ വരെ കിട്ടിയിരുന്നു. ഇതുതന്നെയാണ് 1986 ജനുവരിയിലെ സ്ഥിതിയും. അതുകൊണ്ട് വില കീഴ്പ്പോട്ടുപോകുന്നില്ല. ഇതൊക്കെയാണെങ്കിലും ശരി വയനാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കാപ്പി ബോർഡിന്റെ പ്രവർത്തനത്തിൽ ചില സൗകര്യക്കുറവുകൾ കൊണ്ട് അവർക്ക് പ്രത്യേക ബുദ്ധിമുട്ടുകളുള്ളതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാനാവശ്യമായ നടപടി സ്വീകരിക്കണമെന്നു സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനെ അറിയിക്കുകയും അതിനാവശ്യമായ സമ്മർദ്ദം ചെലുത്തുകയും ചെയ്യാം.

(5) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ വേലൻറെപടി കോളനി നിവാസികളുടെ പ്രശ്നങ്ങൾ

ശ്രീ വി. കെ. രാജൻ : സർ, കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ എറിയാട് പഞ്ചായത്തിൽ പി. ഡബ്ല്യു. ഡി. പുറമ്പോക്കിൽപ്പെട്ട സ്ഥലത്ത് താമസിച്ചിരുന്ന 53 കുടുംബങ്ങളെ പി. ഡബ്ല്യു. ഡി. റോഡ് വീതി കൂട്ടാനായി എറിയാട് പഞ്ചായത്തിലെതന്നെ 12-ാം വാർഡിലെ വേലൻറെപടി എന്ന സ്ഥലത്തേക്ക് നാലു വർഷത്തിനുമുമ്പ് മാറിത്താമസിപ്പിച്ചിരുന്നു. ഓരോ കുടുംബത്തിനും പ്രത്യേകം വീടും ഭൂമിയും നല്കാമെന്നുള്ള വാഗ്ദാനത്തിലാണ് ഇവരെ മാറിത്താമസിപ്പിച്ചത്. വേലൻറെപടി കോളനിയിലെ ദുർഗന്ധം വമിക്കുന്ന അഴുക്കുജലം കെട്ടിക്കിടക്കുന്ന 92 സെൻറ് സ്ഥലത്താണ് ഈ 53 കുടുംബങ്ങളും താമസിച്ചു വരുന്നത്. ഈ കുടുംബങ്ങളും തികച്ചും അനാരോഗ്യകരമായ സാഹചര്യത്തിലാണ് ജീവിക്കുന്നത്. കുടിക്കാൻ ശുദ്ധജലമില്ലാതെ പ്രാഥമികസൗകര്യങ്ങളും പോലുമില്ലാതെ നരകതുല്യമായ ഒരു ജീവിതമാണ് ഈ കുടുംബങ്ങളും അനുഭവിക്കുന്നത്. ഇവർക്ക് ആവശ്യമായ സൗകര്യങ്ങളും ചെയ്തുകൊടുക്കുവാൻ ബാദ്ധ്യസ്ഥമായ പഞ്ചായത്ത് സമിതിപോലും ഇപ്പോൾ നിലവിലില്ല. ഈ കുടുംബങ്ങൾക്ക് മതിയായ പ്രാഥമിക സൗകര്യങ്ങളും ലഭ്യമാക്കാനും അനാരോഗ്യകരമായ ചുറ്റുപാടിൽ നിന്ന് ഇവരെ രക്ഷിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോടാവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇതൊരു കോളനിയാണെന്നുള്ള നിലയിലാണ് ഈ സബ്മിഷൻ കൊണ്ടുവന്നിട്ടുള്ളത്. എന്തായാലും ശരി ഇതൊരു കോളനിയല്ല; നേരെ മറിച്ച് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പഞ്ചായത്ത് 53 കുടുംബങ്ങൾക്കുവേണ്ടിയാണ് ഭൂമി എടുത്ത് വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നത്. നാലു സെൻറു ഭൂമി വീതം കൊടുക്കാൻ നിശ്ചയിച്ചിരുന്നുവെന്നത് ശരിയാണ്. ഒരു കുടുംബത്തിന് കൊടുക്കുവാൻ നിശ്ചയിച്ച സ്ഥലത്ത് രണ്ടു കുടുംബങ്ങൾ വീതം

LIBRARY ARCHIVES Kerala Legislative Assembly

താമസിച്ചു. അതുകൊണ്ട് ഇവരെ ഒരുമിച്ച് മാറ്റിത്താമസിപ്പിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. എന്തായാലും ശരി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു പോലെ അവിടെ വളരെ വൃത്തികേടായി കിടക്കുകയാണ്. അവിടം വൃത്തിയാക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടുന്നതാണ്.

(6) പോപ്പുലർ ആട്ടോമൊബൈൽസിലെ തൊഴിൽ സമരം

ശ്രീ. സി കെ. ചക്രപാണി : സർ, പോപ്പുലർ ആട്ടോമൊബൈൽസിലെ പണിമുടക്കത്തിലേക്ക് ഈ സഭയുടെയും തൊഴിൽ വകുപ്പുമന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. പോപ്പുലർ ആട്ടോമൊബൈൽസിന്റെ ഹെഡ് ക്വാർട്ടേഴ്സ് തൃശ്ശൂരാണെങ്കിലും തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, മദ്രാസ്, ബോംബെ എന്നിവിടങ്ങളിൽ അവരുടെ സെയിൽസ് ഡിപ്പോയുണ്ട്. അവിടത്തെ തൊഴിലാളികൾ 1985 വരെ ഒരു യൂണിയനിലും പ്പെട്ടിരുന്നില്ല. 1985 അവസാനം അവർ സംഘടിച്ച് യൂണിയനിലെ അംഗങ്ങളായി. ഇതിനെത്തുടർന്ന് അവിടത്തെ മാനേജുമെന്റ് ഹീനമായ നടപടികളാണ് അവർക്കെതിരെ നടത്തിവന്നത്. അതിന്റെ ഭാഗമായി തൊഴിലാളികളെ യാതൊരു മുന്നറിയിപ്പും കൂടാതെ സ്ഥലംമാറ്റുക, അവർക്കു നല്കുന്ന എച്ച്. ആർ. എ., ഔട്ട് സ്റ്റേഷൻ അലവൻസ് നിർത്തലാക്കുക, അവർ സ്ഥിരമായി ചെയ്തിരുന്ന തൊഴിലുകളിൽനിന്ന് തരംതാഴ്ത്തുക, ശാരീരികമായി അവരെ ആക്രമിക്കുക, തൊഴിലാളികൾ താമസിക്കുന്ന ലോഡ്ജുകളിൽ നിന്നും അവരെ ബലം പ്രയോഗിച്ച് പുറത്താക്കുക, ലോഡ്ജുകൾ അടച്ചുപൂട്ടുക, തൊഴിലാളികളുടെ ചെലവിൽ നടന്നുവന്നിരുന്ന മെസ് അവസാനിപ്പിക്കുക—ഇതൊക്കെയാണ് അവിടത്തെ ഏർപ്പാട്. പക്ഷെ അതിനെതിരെ തൊഴിലാളികൾ ശബ്ദമുയർത്തിയപ്പോൾ ആദ്യം തിരുവനന്തപുരത്തെ അവരുടെ സെയിൽസ് ഡിപ്പോ ലോക്ക് ഔട്ട് ചെയ്തു. കഴിഞ്ഞ മാർച്ച് 3-ാം തീയതി മുതൽ ആയിരക്കണക്കിന് തൊഴിലാളികൾ പണിമുടക്കത്തിലാണ്. നിരവധി conciliation കാൺഫറൻസുകൾ ജില്ലാതലത്തിൽ നടന്നു. പോപ്പുലർ ആട്ടോ മൊബൈൽസിലെ മുതലാളിമാർ പോലീസ് സംരക്ഷണം തേടുന്നു. ഇപ്പോൾ എല്ലാ സെയിൽസ് ഡിപ്പോകളും പോലീസ് കാവലിലാണ്. തൊഴിലാളികൾക്ക് ഫലപ്രദമായ രീതിയിലൊന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. നിരവധി conciliation കാൺഫറൻസുകൾ കഴിഞ്ഞുവെങ്കിലും മുതലാളിമാർ അതിലൊന്നും പങ്കെടുക്കുന്നില്ല. അതിനെതിരായിട്ട് വീണ്ടും സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇടപെട്ട് പരിഹാരം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, തിരുവനന്തപുരത്തെ പോപ്പുലർ ആട്ടോ മൊബൈൽസിൽ പ്രശ്നമുണ്ടായപ്പോൾ അത് പരിഹരിക്കുന്നതിന് രണ്ടു കോൺഫറൻസുകൾ വച്ചും ഇതിന്റെ മുതലാളിമാർ തീരെ സഹായകമല്ലാത്ത നിലപാട് സ്വീകരിച്ചുയെന്നു പറയുന്നത് ശരിയാണ്. അടുത്ത ദിവസവും കോൺഫറൻസ് വച്ചിട്ടുണ്ട്. അതിൽ മാനേജ്മെന്റ് പങ്കെടുക്കാതിരുന്നാൽ നിയമപരമായി പങ്കെടുപ്പിച്ച് പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതും ഞാൻ തന്നെ കോൺഫറൻസ് വിളിച്ചുകൂട്ടി പ്രശ്നം പരിഹരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly